"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - തൊഴിൽ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിരുന്ന ക്ലർക്ക്, ശ്രീ അബ്ദുൾ ഖാദർ പി.കെ-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ സുദീപ്.ജി.മേനോൻ -നെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.382/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025**

---

പരാമർശം:-
1. ലേബർ കമ്മീഷണറുടെ 16/09/2024-ലെ LCO/2587/2022-E(6) നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18/01/2025-ലെ LSGD/PD/720/2024-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

തൊഴിൽ വകുപ്പിൽ നിന്നും വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ അബ്ദുൾ ഖാദർ പി.കെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനു സമർപ്പിച്ച അപേക്ഷയും കൽപ്പറ്റ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ സുദീപ്.ജി.മേനോൻ പുനർവിന്യാസ നിയമനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയും തുടർനടപടികൾക്കായി വകുപ്പ് മേധാവി പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. ശ്രീ അബ്ദുൾ ഖാദർ പി.കെ-യ്ക്കെതിരെ പനമരം ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽ നിന്നും പനമരം ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ അബ്ദുൾ ഖാദർ പി.കെ -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും കൽപ്പറ്റ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ സുദീപ്.ജി.മേനോനെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് അവണൂർ ഗ്രാമപഞ്ചായത്തിൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ അബ്ദുൾ ഖാദർ പി.കെ, ക്ലർക്ക്, പനമരം ബ്ലോക്ക് പഞ്ചായത്ത്. (ലേബർ കമ്മീഷണർ

മുഖേന)

ശ്രീ സുദീപ്.ജി.മേനോൻ, ക്ലർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസ്, കൽപ്പറ്റ (ലേബർ കമ്മീഷണർ മുഖേന).

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്ത്.

സെക്രട്ടറി, അവണ്ണൂർ ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

തൊഴിൽ വകുപ്പ് (LBRD-D3/243/2024-LBRD മുഖേന)

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (LSGD-ERA1/147/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 07-02-2025 10:31:58

സെക്ഷൻ ഓഫീസർ